# External Affairs Minister's meeting with State Councilor and Foreign Minister of China, H.E. Mr. Wang Yi on the sidelines of SCO Council of Heads of State Meeting

September 16, 2021

---

**SCO കൗൺസിൽ മേധാവികളുടെ സമ്മേളനത്തോടനുബന്ധിച്ച് ചൈനയുടെ സ്റ്റേറ്റ് കൗൺസിലറും വിദേശകാര്യ മന്ത്രിയുമായ വാങ് യി യുമായി ഇന്ത്യൻ വിദേശകാര്യ മന്ത്രിയുടെ കൂടിക്കാഴ്ച**

സെപ്റ്റംബർ 16, 2021

2021 സെപ്റ്റംബർ 16 ന് താജികിസ്താനിലെ ദുഷ്മ്പംബയിൽ നടന്ന, 21 മത് SCO സ്റ്റേറ്റ് മേധാവികളുടെ സമ്മേളനത്തോടനുബന്ധിച്ച് ചൈനയുടെ സ്റ്റേറ്റ് കൗൺസിലറും വിദേശകാര്യ മന്ത്രിയുമായ വാങ് യി യുമായി ഇന്ത്യൻ വിദേശകാര്യ മന്ത്രിയുടെ കൂടിക്കാഴ്ച. ഇരു നേതാക്കളും തമ്മിൽ ആഗോള വിഷയങ്ങളിലും കിഴക്കൻ ലഡാക്കിലെ യഥാർത്ഥ നിയന്ത്രണ രേഖയിലെ (LAC) നിലവിലെ സാഹചര്യങ്ങളെക്കുറിച്ചും തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കു വച്ചു.

2. ജൂലൈ 14 ന് നടന്ന അവസാന കൂടിക്കാഴ്ചയ്ക്ക് ശേഷം, കിഴക്കൻ ലഡാക്കിലെ LAC- യിൽ അവശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇരുപക്ഷവും ഏതാനും പുരോഗതികൾ കൈവരിച്ചതായും ഗോഗ്ര പ്രദേശത്ത് പിന്മാറ്റം പൂർത്തിയാക്കിയതായും വിദേശകാര്യമന്ത്രി നിരീക്ഷിച്ചു . എന്നിരുന്നാലും, പരിഹരിക്കപ്പെടേണ്ട ചില ശ്രദ്ധേയമായ പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്

3. ഈ പശ്ചാത്തലത്തിൽ, തങ്ങളുടെ അവസാന കൂടിക്കാഴ്ചയിൽ, ഉഭയകക്ഷി ബന്ധം കുറഞ്ഞുവരുന്നുവെന്ന് വിദേശകാര്യ മന്ത്രി വാങ് യി സൂചിപ്പിച്ചതായി വിദേശകാര്യമന്ത്രി അനുസ്മരിച്ചു. നിലവിലുള്ള സാഹചര്യം ദീർഘിപ്പിക്കുന്നത് ബന്ധത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ഇരുപക്ഷത്തിനും ഇതിനു താൽപ്പര്യമല്ലെന്ന് അവർ സമ്മതിച്ചു. അതിനാൽ, ഉഭയകക്ഷി കരാറുകളും പ്രോട്ടോകോളുകളും പൂർണമായി പാലിച്ചുകൊണ്ട് കിഴക്കൻ ലഡാക്കിലെ എൽ എ സി യിൽ അവശേഷിക്കുന്ന പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കാൻ ഇരുപക്ഷവും പ്രവർത്തിക്കണമെന്ന് വിദേശകാര്യമന്ത്രി ഊന്നിപ്പറഞ്ഞു.

4.ഉഭയകക്ഷി ബന്ധങ്ങളിലെ പുരോഗതിക്ക് അതിർത്തി പ്രദേശങ്ങളിലെ സമാധാനവും ശാന്തിയും അനിവാര്യമാണെന്നും അതിനാൽ കിഴക്കൻ ലഡാക്കിലെ എൽഎസിയിൽ സമാധാനവും ശാന്തിയും പുനസ്ഥാപിക്കാൻ ശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ പുരോഗതി ഉറപ്പാക്കേണ്ടതാണെന്നും ഇഎഎം അടിവരയിട്ടു പ്രസ്താവിച്ചു. ഇക്കാര്യത്തിൽ, ഇരുരാജ്യങ്ങളിലെയും സൈനിക, നയതന്ത്ര ഉദ്യോഗസ്ഥർ വീണ്ടും കൂടിക്കാഴ്ച നടത്തണമെന്നും അവശേഷിക്കുന്ന പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കാൻ ചർച്ച തുടരണമെന്നും മന്ത്രിമാർ അനുകൂലിച്ചു.

5. സമീപകാല ആഗോള സംഭവവികാസങ്ങളെക്കുറിച്ചും ഇരു മന്ത്രിമാരും അഭിപ്രായങ്ങൾ കൈമാറി. നാഗരികത സിദ്ധാന്തം സംബന്ധിച്ചുള്ള കലാപങ്ങളിൽ ഇന്ത്യ ഒരിക്കലും പങ്കെടുക്കുന്നതല്ലെന്നു ഇഎഎം അറിയിച്ചു. ഇന്ത്യയും ചൈനയും പരസ്പരം യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇടപെടണമെന്നും പരസ്പര ബഹുമാനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധം സ്ഥാപിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇതിനായി, ചൈന നമ്മുടെ ഉഭയകക്ഷി ബന്ധങ്ങളെ മൂന്നാം രാജ്യങ്ങളുമായുള്ള ബന്ധമെന്ന വീക്ഷണകോണിൽ നിന്ന് കാണുന്നത് ഒഴിവാക്കേണ്ടത് അത്യാവശ്യമാണ് . ഏഷ്യൻ ഐക്യദാർഢ്യം ഇന്ത്യ-ചൈന ബന്ധം സ്ഥാപിക്കുന്ന മാതൃകയെ ആശ്രയിച്ചിരിക്കും.

6. സമ്പർക്കത്തിൽ തുടരുന്നതിനു ഇരു മന്ത്രിമാരും സമ്മതിച്ചു .

ദുഷുംബെ
സെപ്റ്റംബർ 16, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.